റാവുസാഹിബ്ബ് കെ. അയ്യപ്പൻ :

(എ) അവിടത്തെ റോഡുകളും മറ്റും അത്ര മോശമായ സ്ഥിതിയിലല്ല.

(ബി) മറ്റ റോഡുകളുടെ ക്ലാസ്സിൽ ചോദ്യത്തിൽ പറയുന്ന റോഡു ടാറിടുന്ന കാര്യത്തിൽ വരുന്ന ചിലവിന്റേയും മേലിൽ സംരക്ഷണത്തിനു വേണ്ടിവരുന്ന ചിലവിന്റേയും പകുതി സംഖ്യ മുനിസിപ്പാലിറ്റി ഗവൺമെണ്ടിനോട് സഹായധനമായി ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) ടാറിടുന്ന പണിക്ക് ആകെ എത്ര ചിലവു വരുമെന്നും ഈ കാര്യത്തിൽ ഗവൺമെണ്ട് ഭാഗത്തേക്ക് എത്ര സംഖ്യ ചിലവു ചെയ്യേണ്ടിവരുമെന്നും അറിഞ്ഞതിനു ശേഷം ടി കാര്യം ആലോചിക്കുന്നതാണെന്നും ആയതിലേക്കായി ടാറിടുന്ന പണിക്കുള്ള ചിലവിന്റെ എസ്റ്റിമേറ്റ കഴിയുന്നതും വേഗത്തിൽ ചീഫ് എഞ്ചിനിയർ ഗവൺമെണ്ടിലേക്കു സമർപ്പിക്കേണ്ടതാണെന്നും കാണിച്ചു ഗവൺമെണ്ട് ഉത്തരവയച്ചിട്ടുണ്ട്.

PURCHASE OF BISCUITS FROM INDIA GOVERNMENT

258. മിസ്റ്റർ എം. കെ. വർഗ്ഗീസ്സ് : താഴെ പറയുന്ന ചോദ്യങ്ങൾക്കു മറുപടി പറയുവാൻ ബഹുമാനപ്പെട്ട ഗവൺമെണ്ടിനു ദയവുണ്ടാകുമോ.—

(എ) ഇന്ത്യാഗവൺമെണ്ടിൽനിന്നു വില്ലുനക്കു വാങ്ങിയ ബിസ്കറിന്റെ വിലയെത്ര ;

(ബി) ഈ ബിസ്കറവില്ലനയിൽ എത്ര ഉറപ്പിക ലാഭം കിട്ടി ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ :

(എ) ഇക്കാര്യം ഇന്ത്യാഗവൺമെണ്ടുമായി എഴുത്തുകുത്തിൽ ഇരിക്കുകയാണ്.

(ബി) ക്ലിപ്തമായ വിലയെന്തെന്ന് അറിഞ്ഞതിനു ശേഷം മാത്രമേ ലാഭമോ നഷ്ടമോ എത്രയെന്നു തീരുമാനിക്കുവാൻ സാധിക്കുകയുള്ളു.

SELECTION OF CANDIDATES FOR THE MEDICAL COLLEGES

259. മിസ്റ്റർ കെ. എ. രാഘവൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടു സദയം മറുപടി പറയുമോ.—

(എ) ഇക്കൊല്ലത്തെ ഇൻറർമീഡിയറ്റ്, ബി. എ. എന്നീ പരീക്ഷാഫലങ്ങൾ എന്നാണു പ്രസിദ്ധീകരിക്കപ്പെട്ടതു ;

(ബി) എന്നാണു മെഡിക്കൽ കോളേജിലേക്കുള്ള വിദ്യാർത്ഥികളുടെ തിരഞ്ഞെടുപ്പു നടത്തിയതു ;

(സി) പരീക്ഷാഫലങ്ങൾ പുറത്തു വരുന്നതിനു മുമ്പു തിരഞ്ഞെടുപ്പു നടത്താൻ ഇത്ര ബദ്ധപ്പാടു കാണിച്ചതു് എന്തുകൊണ്ടു് ;

(ഡി) പരീക്ഷാഫലം പുറത്താകുന്നതിനു മുമ്പു തിരഞ്ഞെടുപ്പു നടത്തപ്പെട്ടതു മൂലം പല വിദ്യാർത്ഥികൾക്കും മെഡിക്കൽ കോളേജ് അഡ്മിഷനു് അപേക്ഷിക്കുവാൻ അവസരം നഷ്ടപ്പെട്ടതായി ഗവൺമെണ്ടിനു് അറിയാമോ ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ :

(എ) ഇൻറർമീഡിയറ്റ് ന. ക— ങ— ൪ ൭.

ബി. എ. ന—ന്യ— ൪ ൭.

(ബി) ഫ വ്യ— ങ— ൪ ൭-ൽ.

(സി) പരീക്ഷാഫലങ്ങൾ പുറത്തു വരുന്നതുവരെ കാത്തിരുന്നാൽ തിരഞ്ഞെടുപ്പുകൾ നടത്തുവാൻ കാലതാമസം നേരിട്ടേക്കുമെന്നും തൻമൂലം അതാതുകോളേജുകളിലേക്കു തിരഞ്ഞെടുക്കപ്പെട്ടവരെപ്പറ്റി അറിവു കൊടുക്കുവാൻ സമയം മതിയാകുന്നില്ല എന്നും കരുതി നേരത്തെ തിരഞ്ഞെടുപ്പുകൾ നടത്തി; എന്നതന്നെയല്ല, യോഗ്യതയുള്ള ധാരാളം അപേക്ഷകരുടെ അപേക്ഷകൾ ഗവൺമെണ്ടു മുമ്പാകെ ഉണ്ടായിരുന്നതാണും.

(ഡി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly